# ഭാരതീയ റിസർവ് ബാങ്ക്

ജൂലൈ 6, 2017

## സോവറിൻ ഗോൾഡ് ബോണ്ട് പദ്ധതി 2017-18
## സിരീസ് - II

ഭാരത സർക്കാരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഭാരതീയ റിസർവ് ബാങ്ക് സോവറിൻ ഗോൾഡ് ബോണ്ട് 2017-18- സീരീസ് - II പുറത്തിറക്കാൻ തീരുമാനിച്ചു. 2017 ജൂലൈ 10 നും 14 നുമിടക്ക് ബോണ്ടിനുള്ള അപേക്ഷകൾ സ്വീകരിക്കും. 2017 ജൂലൈ 28 ന് ബോണ്ട് വിതരണം ചെയ്യും. ബാങ്കുകൾ, സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷൻ ഇന്ത്യാ ലിമിറ്റഡ് (എസ്.എച്ച്.സി.ഐ.എൽ), ചുമതലപ്പെടുത്തിയ പോസ്ററ് ഓഫീസുകൾ, അംഗീകരിക്കപ്പെട്ട നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് എന്നിവ വഴിയായിരിക്കും ബോണ്ടുകൾ വിൽക്കുക. ബോണ്ടിന്റെ പ്രത്യേകതകൾ ചുവടെ ചേർക്കുന്നു.

| നം. | തരം | വിശദീകരണം |
|---|---|---|
| 1. | ഉൽപന്നത്തിന്റെ പേര് | സോവറിൻ ഗോൾഡ് ബോണ്ട് 2017-18 സീരിസ് 1 |
| 2. | വിതരണം | ഭാരത സർക്കാരിനുവേണ്ടി ഭാരതീയ റിസർവ് ബാങ്ക് വിതരണം ചെയ്യുന്നത് |
| 3. | യോഗ്യത | ബോണ്ടിന്റെ വില്പന ഇന്ത്യയിൽ താമസിക്കുന്ന വ്യക്തികൾ, എച്ച്. യു. എഫുകാർ, ട്രസ്റ്റുകൾ, യൂണിവേഴ്സിറ്റികൾ സന്നദ്ധ സേവന സംഘടനകൾ എന്നീ വിഭാഗങ്ങൾക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു |
| 4. | ഡിനോമിനേഷൻ | ഒരു ഗ്രാമിൽ തുടങ്ങി അതിന്റെ ഇരട്ടികൾ. ഗ്രാമിൽ ആയിരിക്കും ബോണ്ടിന്റെ ഡിനോമിനേഷൻ |
| 5. | കാലാവധി | കാലാവധി 8 വർഷം. അഞ്ചാം വർഷം മുതൽ മതിയാക്കി പലിശ നൽകുന്ന തീയതിക്ക് പുറത്തുപോകാനുള്ള ഓപ്ഷൻ ഉണ്ടായിരിക്കും |
| 6. | കുറഞ്ഞ സൈസ് | മിനിമം അനുവദനീയമായ നിക്ഷേപം ഒരു ഗ്രാം സ്വർണ്ണം വിശദീകരണം |
| 7. | പരമാവധി പരിധി | ഒരു സാമ്പത്തിക വർഷം (ഏപ്രിൽ- മാർച്ച്) ഒരാൾ വാങ്ങുന്ന ബോണ്ട് പരമാവധി 500 ഗ്രാമിൽ കൂടാൻ |

| | | |
|---|---|---|
| | | പാടില്ല. ഇതു സൂചിപ്പിക്കുന്ന ഒരു ഡിക്ളറേഷൻ വാങ്ങേണ്ടതാണ്. |
| 8. | ഇഷ്യു വില | ജോയിന്റ് ഹോൾഡർ ഒന്നിൽ കൂടുതൽ പേർ ഒരുമിച്ച് ബോണ്ട് കൈവശം വയ്ക്കുമ്പോൾ 500 ഗ്രാമെന്ന പരിധി ആദ്യപേരുകാരനായഅപേക്ഷകനു മാത്രമായിരിക്കും |
| 9 | സബ്സ്ക്രിപ്ഷൻ | കാലാവധിയുടെ തൊട്ടുമുമ്പുള്ള ആഴ്ചയിലെ (തിങ്കൾ മുതൽ വെള്ളിവരെ) ബുല്യൻ ആന്റ് ജുവലേഴ്സ് അസോസിയേഷൻ ലിമിറ്റഡ് പ്രസിദ്ധീകരിക്കുന്ന 999 കാരറ്റ് സ്വർണ്ണത്തിന്റെ വിലയുടെ സാധാരണ ആവറേജ് ക്ലോസിംഗ് തുക ഇന്ത്യൻ രൂപയിൽ അടിസ്ഥാനമാക്കിയുള്ളതാകും ബോണ്ടിന്റെ വില |
| 10 | പേമെന്റ് ഓപ്ഷൻ | ബോണ്ടിന്റെ തുക അടയ്ക്കാൻ കാഷ് പേമെന്റോ (പരമാവധി 20000 രൂപവരെ) ഡിമാന്റ് ഡ്രാഫ്റ്റോ ചെക്കോ, ഇലക്ട്രോണിക് ബാങ്കിംഗ് രീതിയോ സ്വീകരിക്കാവുന്നതാണ്. |
| 11 | ഇഷ്യു ഫോറം | ജി എസ് ആക്ട് 2006 പ്രകാരം ഗോൾഡ് ബോണ്ട് ഭാരതസർക്കാർ സ്റ്റോക്ക് എന്ന രീതിയിലാണ് ഇഷ്യു ചെയ്യുക. നിക്ഷേപകന് ഒരു ഹോൾഡിംഗ് സർട്ടിഫിക്കറ്റ് നൽകും ഡീമാറ്റ് രൂപത്തിലേക്ക് ഇതുമാറ്റാനാകും. |
| 12 | വില്പന | റിഡംഷൻ വില ഇന്ത്യൻ രൂപയിൽ തൊട്ടുമുമ്പുള്ള ആഴ്ചയിലെ (തിങ്കൾ മുതൽ വെള്ളിവരെ) ഐ. ബി. ജെ. എ. പ്രസിദ്ധീകരിക്കുന്ന 999 ശുദ്ധതയുള്ള സ്വർണ്ണത്തിന്റെ ക്ലോസിംഗ് വിലയായിരിക്കും |
| 13 | ചാനൽ | ബോണ്ട് വിൽക്കുന്നത് ബാങ്കുകൾ, സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ചുമതലപ്പെടുത്തിയ പോസ്റ്റ് ഓഫീസുകൾ അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചുകളായ നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച്, ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് എന്നിവ വഴി നേരിട്ടോ ഏജന്റുമാർ വഴിയോ ആയിരിക്കും |
| 14 | പലിശ നിരക്ക് | നോമിനൽ മൂല്യത്തിൽ അർധവാർഷിക കാലയളവിൽ നിക്ഷേപിക്കുന്നത് 2.5 ശതമാനം സ്ഥിരനിരക്കിൽ പലിശ ലഭിക്കും |
| 15 | അധിക ഈടായുള്ള ഉപയോഗം | വായ്പക്കാർക്ക് കൊലാറ്ററൽ (അധികഈട്) ആയി ബോണ്ട് ഉപയോഗിക്കാം. ലോൺ-ടൂ- വാല്യു (എൽ. |

| | | |
|---|---|---|
| | | ടി.വി) റേഷ്യോ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ സ്വർണ്ണ വായ്പക്കു തീരുമാനി ക്കുന്ന നിരക്കിലായിരിക്കും |
| 16 | കെ.വൈ.സി. രേഖ | സ്വർണ്ണം വാങ്ങുമ്പോൾ വേണ്ട കെ വൈ സി രേഖകൾ തന്നെയാകും ഇതിനും ബാധകമാവുക കെ വൈ സി രേഖകളായ വോട്ടർ ഐഡി, ആധാർ കാർഡ് / പാൻ അഥവാ ടാൻ / പാസ്പോർട്ട് എന്നിവയാകാം. |
| 17 | നികുതി നിർണ്ണയം | ഗോൾഡ് ബോണ്ടിന്റെ പലിശയ്ക്കുള്ള നികുതി ഇൻടാക്സ് ആക്ട് 1961 (43/1961) പ്രകാരമായി രിക്കും. കാലാവധിയ്ക്ക് റിഡംഷൻ കാപ്പിററൽ ഗെയിൻ നികുതി വരുന്നത് ഒഴിവാക്കപ്പെട്ടിരിക്കുന്നു. ബോണ്ട് കൈമാറ്റം ചെയ്യുന്നതുമൂല മുള്ള ദീർഘകാല കാപ്പിറ്റൽഗയിനിന്ന് ഇൻഡ്ക്സേഷൻ ബനിഫിറ്റ് ലഭിക്കും |
| 18 | വില്പന സാധ്യത | വിതരണംചെയ്ത് 2 ആഴ്ചയ്ക്കുള്ളിൽ റിസർവ് ബാങ്ക് തീരുമാനിക്കുന്ന തീയതിയിൽ ബോണ്ട് സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ വിൽക്കാം |
| 19 | എസ്. എൽ. ആർ. യോഗ്യത | ഈ ബോണ്ട് എസ്.എൽ.ആർ റേഷ്യോയ്ക്കായി ഉപയോഗിക്കാം. |
| 20 | കമ്മിഷൻ | ബോണ്ടു വിതരണത്തിന്റെ കമ്മിഷൻ സ്വീകരിക്കുന്ന ഓഫീസിന്റെ ആകെ സബ്ക്രപ്ഷന്റെ ഒരു ശതമാനമായിരിക്കും. അപ്രകാരം ലഭിക്കുന്ന കമ്മിഷന്റെ 50% ബിസിനസ്സ് സമാഹരിക്കുന്നതനുസരിച്ച് ഏജന്റ്/ സബ്ഏജന്റുമാർക്ക് വീതിച്ചു നല്കണം. |

അജിത് പ്രസാദ്

പത്രപ്രസ്താവന: **2017-2018/58** അസിസ്റ്റന്റ് അഡ്വൈസർ